സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് – ജീവനക്കാരുടെ സ്പെഷ്യൽ ഡ്യൂട്ടി അലവൻസ് വർദ്ധിപ്പിച്ചത് – ഭേദഗതി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 04/25/Est-I** നന്തൻകോട്, **18-01-2025**

---

പരാമർശം :- (1) 10–01–2025 ലെ മേൽ നമ്പർ ബോർഡുത്തരവ്.
(2) തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് കോൺഫെഡറേഷന്റെ 16–01–2025 ലെ 03/2025/TDECF നമ്പർ കത്ത്.
(3) ശബരിമലയിലെ ഒരു കൂട്ടം ദിവസവേതന ജീവനക്കാർ ബഹു: ദേവസ്വം ബോർഡ് പ്രസിഡന്റിന് 13–01–2025 ൽ സമർപ്പിച്ച അപേക്ഷ.
(4) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 17–01–2025 ലെ DA 16/25/E-I നമ്പർ റിപ്പോർട്ട്.
(5) 17–01–2025 ലെ ബോർഡ് തീരുമാനം

## ഉത്തരവ്

ശബരിമല സ്പെഷ്യൽ ഡ്യൂട്ടി അലവൻസുകൾ അനുവദിച്ചും ശബരിമല, പമ്പ, നിലയ്ക്കൽ ഒഴികെ ബോർഡിന്റെ കീഴിലുള്ള മറ്റെല്ലാ ദേവസ്വങ്ങളിലും KSR Part 2 Rule 59 പ്രകാരമെ സ്പെഷ്യൽ ഡ്യൂട്ടി അലവൻസുകൾ ചെലവെഴുതാൻ പാടുള്ളൂവെന്നും ശബരിമല ദേവസ്വത്തിൽ മാത്രം പ്രസാദ കരുതൽ നിർമ്മാണ കാലയളവിൽ മാത്രം എക്സിക്യൂട്ടീവ് ആഫീസിലെ ജീവനക്കാർക്ക് കൂടി സ്പെഷ്യൽ ഡ്യൂട്ടി അലവൻസ് ചെലവെഴുതാവുന്നതാണെന്നും കൂടാതെ ശബരിമലയിലെ വിവിധ ഡ്യൂട്ടി പൊയിന്റുകളിലെ സ്പെഷ്യൽ ഡ്യൂട്ടി അലവൻസുകളിൽ ഉൾപ്പെടുന്ന എക്സ്ഗ്രേഷ്യ, ഇൻസെന്റീവ്, ബാറ്റ തുടങ്ങിയവകൾക്ക് വർദ്ധനവ് വരുത്തിയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു (പരാമർശം –1).

എരുമേലി, പന്തളം വലിയകോയിക്കൽ, ആര്യങ്കാവ്, അച്ചൻകോവിൽ, കുളത്തൂപ്പുഴ എന്നീ ദേവസ്വങ്ങളിലെ സ്പെഷ്യൽ ഡ്യൂട്ടി ജീവനക്കാർക്ക് ടി ഉത്തരവനുസരിച്ച് മുൻവർഷം അലവൻസായി ലഭിച്ച തുകയിൽ നിന്നും ഗണ്യമായ കുറവ് വരുന്നതാണെന്നും ആയതിനാൽ മുൻവർഷക്രമം അലവൻസ് ചെലവെഴുതുന്നതിനോ കാലാനുസൃതമായ ഡ്യൂട്ടി

...2

അലവൻസ് വർദ്ധിപ്പിക്കുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് വിവരിച്ച് അംഗീകൃത സംഘടനയായ തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് കോൺഫെഡറേഷന്റെ കത്ത് ലഭിച്ചു (പരാമർശം –2).

ശബരിമലയിലെ എല്ലാ ദിവസവേതന ജീവനക്കാർക്കും ബാങ്ക് അക്കൗണ്ട് മുഖേന മാത്രമെ വേതനം നൽകുവാൻ പാടുള്ളൂവെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതു നിമിത്തം യാത്രാചെലവിനടക്കം പണം ഇല്ലാത്ത അവസ്ഥ ഉണ്ടാകുന്നു എന്നും മറ്റും വിവരിച്ച് ശബരിമലയിലെ ഒരു കൂട്ടം ദിവസവേതന ജീവനക്കാർ ബഹു: ദേവസ്വം ബോർഡ് പ്രസിഡന്റിന് അപേക്ഷ സമർപ്പിച്ചു (പരാമർശം –3).

മേൽ വിവരിച്ച വിഷയങ്ങൾ സംബന്ധിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായം ലഭ്യമാക്കിയതിൽ (പരാമർശം –4) എരുമേലി, പന്തളം വലിയകോയിക്കൽ, ആര്യങ്കാവ്, അച്ചൻകോവിൽ, കുളത്തൂപ്പുഴ എന്നീ ദേവസ്വങ്ങളിൽ മുൻവർഷം വരെ ചെലവെഴുതിയ സമാന മാതൃകയിൽ സ്പെഷ്യൽ ഡ്യൂട്ടി അലവൻസ് ചെലവെഴുതാൻ അനുവദിക്കണമെന്നും ശബരിമല സന്നിധാനത്ത് പ്രവർത്തിക്കുന്ന മരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസുകളിലെ (സിവിൽ & ഇലക്ട്രിക്കൽ) ജീവനക്കാർ, ശബരിമല ദേവസ്വത്തിലെ ജീവനക്കാർ എന്നിവർക്കു കൂടി പ്രസാദ കരുതൽ നിർമ്മാണ കാലയളവിൽ കൂടി സ്പെഷ്യൽ ഡ്യൂട്ടി അലവൻസ് ചെലവെഴുതാൻ അനുവദിക്കണമെന്നും ദിവസവേതന ജീവനക്കാർക്ക് ആവശ്യമെങ്കിൽ ഒരു നിശ്ചിത സംഖ്യ ചെലവെഴുതുന്നതിന് ബഹു: ബോർഡ് താൽപര്യം അറിയിച്ചിട്ടുള്ളതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ എരുമേലി, പന്തളം വലിയകോയിക്കൽ, ആര്യങ്കാവ്, അച്ചൻകോവിൽ, കുളത്തൂപ്പുഴ എന്നീ ദേവസ്വങ്ങളിൽ മുൻവർഷം വരെ ചെലവെഴുതിയ സമാന മാതൃകയിൽ സ്പെഷ്യൽ ഡ്യൂട്ടി അലവൻസ് ചെലവെഴുതാനും ശബരിമല സന്നിധാനത്ത് പ്രവർത്തിക്കുന്ന മരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസുകളിലെ (സിവിൽ & ഇലക്ട്രിക്കൽ) ജീവനക്കാർ, ശബരിമല ദേവസ്വത്തിലെ എല്ലാ ജീവനക്കാർ എന്നിവർക്കു കൂടി പ്രസാദ കരുതൽ നിർമ്മാണ കാലയളവിൽ കൂടി സ്പെഷ്യൽ ഡ്യൂട്ടി അലവൻസ് ചെലവെഴുതാൻ അനുവദിക്കാമെന്നും വിവരിച്ചിട്ടുണ്ട്.

കൂടാതെ ദിവസവേതന ജീവനക്കാർക്ക് ആവശ്യമെങ്കിൽ പരമാവധി 2000/– രൂപ വരെ പണമായി നൽകാവുന്നതാണെന്നും ഇത്തരത്തിൽ പണമായി നൽകുമ്പോൾ ഒരു നിശ്ചിത ശതമാനം (TDS on Cash Withdrawal) ബോർഡിന്റെ അക്കൗണ്ടിൽ നിന്നും ബാങ്ക് ഈടാക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം ദിവസവേതന ജീവനക്കാരിൽ നിന്നും ഈടാക്കുന്നത് മനുഷ്യത്വരഹിതമായതിനാൽ ദിവസവേതന ജീവനക്കാർക്ക് മേൽപറഞ്ഞ

....3

രീതിയിൽ അഡ്വാൻസ് നൽകുമ്പോഴുണ്ടാകുന്ന TDS നഷ്ടം തൽക്കാലം ബോർഡ് തന്നെ വഹിക്കുന്നതാവും ഉചിതമെന്ന് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിമാർക്സിൽ വിവരിച്ചിട്ടുണ്ട്. ആകയാൽ പരാമർശം (1) ഉത്തരവ് ഭേദഗതി വരുത്തുന്നതിനും ദിവസവേതന ജീവനക്കാർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ മേൽപറഞ്ഞ രീതിയിലുള്ള തുക മാത്രം ആവശ്യമെങ്കിൽ പണമായി നൽകുന്നതിനുള്ള അനുവാദ ഉത്തരവ് നൽകാവുന്നതാണെന്നും ദേവസ്വം അക്കൗണ്ട്സ് ആഫീസർ ശുപാർശ ചെയ്തിട്ടുള്ളതാണ്.

പ്രസ്തുത വിഷയം ബോർഡ് വിശദമായി പരിശോധിച്ച് ചുവടെ വിവരിക്കും പ്രകാരം പാരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്യുന്നു.

- എരുമേലി, പന്തളം വലിയകോയിക്കൽ, ആര്യങ്കാവ്, അച്ചൻകോവിൽ, കുളത്തുപ്പുഴ എന്നീ ദേവസ്വങ്ങളിൽ മുൻവർഷം വരെ ചെലവെഴുതിയ സമാന മാതൃകയിൽ സ്പെഷ്യൽ ഡ്യൂട്ടി അലവൻസ് ചെലവെഴുതുന്നതിന് അനുവദിക്കുന്നു.
- ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസുകളിലെ (സിവിൽ & ഇലക്ട്രിക്കൽ) ജീവനക്കാർ, ശബരിമല ദേവസ്വത്തിലെ ജീവനക്കാർ എന്നിവർക്ക് പ്രസാദ കരുതൽ നിർമ്മാണ കാലയളവിൽ കൂടി സ്പെഷ്യൽ ഡ്യൂട്ടി അലവൻസ് അനുവദിക്കുന്നു.

കൂടാതെ ദിവസവേതന ജീവനക്കാർക്ക് അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പരമാവധി 2000/- രൂപ വരെ പണമായി നൽകുന്നതിനും അനുവദിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-
1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും I T Division
2. ബഹു: പ്രസിഡന്റിന്റെ പെഴ്സണൽ സെക്രട്ടറി
3. ബഹു: മെമ്പറുടെ പെഴ്സണൽ സെക്രട്ടറി
4. ശബരിമല സെൽ, ബോർഡ് ആഫീസ്
5. അക്കൗണ്ട്സ് സെക്ഷൻ, ബോർഡ് ആഫീസ്
6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്
8. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK